ക്ലാസ്സ്
**8**

# മതബോധനകേന്ദ്രം
## മാനന്തവാടി രൂപത
First Semester Examination 2025-26

| ആകെ മാർക്ക് : 80 |
|---|
| പാർട്ട് 1 : 60 |
| പാർട്ട് 2 : 20 |
| സമയം : 2 മണിക്കൂർ |

## പാർട്ട് 1

**ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.** **5×1=5**

1. ...................... ഇസ്രായേൽക്കാർക്ക് രക്ഷയിൽ നിലനിൽക്കുന്നതിനുള്ള മാർഗ്ഗങ്ങളായിരുന്നു.
(ജപമാല, ദൈവകൽപ്പനകൾ, കൂദാശകൾ)
2. "മാതാവിന്റെ ഉദരത്തിൽ ഉരുവാകുന്നതിനുമുമ്പേ ഞാൻ നിന്നെ അറിഞ്ഞു" എന്ന് ഏതു പ്രവാചകനെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്?
(ഏശയ്യ, ഏലിയ, ജെറമിയ)
3. തിന്മക്കെതിരെ ശബ്ദമുയർത്തിയതിന്റെ പേരിൽ തലവെട്ടപ്പെട്ടവനാര്?
(സ്നാപകയോഹന്നാൻ, മാക്സ്മില്യൻ കോൾബെ, ഫാദർ ഡാമിയൻ)
4. "മനുഷ്യപുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്." ഇതെവിടെ വച്ചാണ് ഈശോ ശിഷ്യന്മാരോട് ചോദിച്ചത്?
(ജറുസലെം, കേസറിയാഫിലിപ്പി, സമരിയാ)
5. ദൈവം ഇസ്രായേൽ എന്ന നാമം നൽകിയത് ആർക്ക്?
(യാക്കോബ്, അബ്രാഹം, ഏസാവ്)

**ആരുടെ വാക്കുകൾ?** **4×1=4**

6. "സകല ജനതകൾക്കുവേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണുകൾ കണ്ടു കഴിഞ്ഞു."
7. "ബാർണബാസിനെയും സാവൂളിനെയും ഞാൻ വിളിച്ചിരുന്ന ജോലിയ്ക്കായി, എനിയ്ക്കുവേണ്ടി മാറ്റി നിർത്തുക."
8. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്."
9. "നിങ്ങൾ ഓരോരുത്തരും കഴിവനുസരിച്ചുള്ള തുക ആഴ്ചയിലെ ആദ്യദിവസം നീക്കിവയ്ക്കണം."

**ഉചിതമായവ ചേർത്തെഴുതുക.** **5×1=5**

| | | | |
|---|---|---|---|
| 10. | അബ്രാഹം | - | ക്രൈസ്തവ ജീവിതത്തിന്റെ ശക്തികേന്ദ്രം |
| 11. | ശ്ലീഹന്മാർ | - | തിരിച്ചുവരവ് |
| 12. | മെത്തനോയിയ | - | സഭയുടെ അടിസ്ഥാനം |
| 13. | മദർ തെരേസ | - | വിശ്വാസികളുടെ പിതാവ് |
| 14. | വി. കുർബാന | - | കാരുണ്യപ്രവർത്തനങ്ങൾ |

**പൂരിപ്പിക്കാം.** **4×1=4**

15. മിശിഹായുടെ ശരീരമായിരിക്കുന്ന സഭയുടെ അടിസ്ഥാന സ്വഭാവമാണ് ................................................
16. 'എക്ലേസിയ' എന്ന ഗ്രീക്കുവാക്കിന്റെ അർത്ഥം ..................................... ആണ്.
17. ദൈവത്തിന് ആരാധന അർപ്പിക്കാൻ മാറ്റി നിർത്തപ്പെട്ടവനായിരുന്നു പഴയ നിയമത്തിൽ ..................................
18. സാവൂൾ .................................................. ലേയ്ക്ക് പോകുമ്പോഴാണ് കർത്താവിന്റെ ദർശനമുണ്ടായത്.

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.** **7×2=14**

19. ഈശോ സ്നേഹത്തിന്റെ പുതിയ ഉടമ്പടി സ്ഥാപിച്ചതെങ്ങനെ?
20. കൂദാശകൾ രക്ഷയ്ക്കുള്ള മാർഗ്ഗങ്ങളായി തീരുന്നതെങ്ങനെ?

21. പരിശുദ്ധാത്മാവ് വിശ്വാസികൾക്കു നൽകുന്ന ഫലങ്ങളിൽ ഏതെങ്കിലും നാലെണ്ണം എഴുതുക.

22. ഈശോയുടെ നിരന്തര സാന്നിധ്യം സഭയിൽ തുടരുന്നതെങ്ങനെ?

23. അബ്രാഹം ദൈവത്തിന് പ്രത്യുത്തരം നൽകിയത് എങ്ങനെ?

24. സഭാമക്കളായ നമുക്കു നൽകപ്പെട്ടിരിക്കുന്ന ദാനങ്ങളും വരങ്ങളും എപ്രകാരമാണ് വിനിയോഗിക്കേണ്ടത്?

25. ആദിമ സഭയുടെ ജീവിതശൈലി സൂചിപ്പിക്കുന്ന രണ്ട് കാര്യങ്ങൾ എഴുതുക.

**മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക.** **4×4=16**

26. 'എക്ലേസിയ' എന്ന പദം ഉൾക്കൊള്ളുന്ന മൂന്ന് ആശയങ്ങൾ ഏവ?

27. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാൻ നാം എന്തുചെയ്യണം?

28. ക്രൈസ്തവർ തന്റെ പൗരോഹിത്യ ശുശ്രൂഷ നിർവ്വഹിക്കേണ്ടതെങ്ങനെ?

29. ഉത്ഥാനത്തിലുള്ള പ്രത്യാശയാണ് ഒരുവന് പങ്കുവയ്ക്കുന്നതിനുള്ള പ്രേരണ നൽകുന്നത്. വിശദമാക്കുക.

**ഒരു ഖണ്ഡികയിൽ (Paragraph) ഉത്തരമെഴുതുക.** **1×5=5**

30. വിശ്വാസം എന്നാൽ എന്ത്? വിശ്വാസത്തിന്റെ 5 ഘടകങ്ങൾ ഏവ?

**വിശദമാക്കുക.** **1×7=7**

31. സഭ പ്രവാചക ജനമാണ്.

## പാർട്ട് 2

**ഒറ്റ വാക്കിൽ ഉത്തരമെഴുതുക.** **5×1=5**

32. തിരുസഭയിലെ ഏറ്റവും വലിയ മിഷനറി.

33. വി. പത്രോസ് ആദ്യമായി സഭയിലേക്ക് സ്വീകരിച്ച വിജാതീയൻ?

34. ആദ്യമായി ക്രിസ്തുനാമത്തിൽ രക്തസാക്ഷിത്വം വരിച്ചതാര്?

35. ആദിമ സഭ വി. കുർബാനയെ സൂചിപ്പിക്കുവാൻ ഉപയോഗിച്ചിരുന്ന ഗ്രീക്കുപദം?

36. എന്ന് മുതലാണ് സഭയിൽ ക്രിസ്തുമസ് ആഘോഷിക്കാൻ തുടങ്ങിയത്?

37. വിദ്യാഭ്യാസമെന്ന സ്വപ്നം സാക്ഷാത്കരിക്കാൻ ചാവറയച്ചൻ പള്ളികൾക്കയച്ച സർക്കുലർ എന്തായിരുന്നു? **2**

38. ചാവറയച്ചന്റെ വ്യക്തിത്വത്തിൽ ഉൾച്ചേർന്ന രണ്ടു പ്രധാന ഘടകങ്ങൾ ഏവ? **2**

39. വി. ജോൺ മരിയ വിയാനിയുടെ പ്രസംഗങ്ങളുടെ പ്രത്യേകത എന്തായിരുന്നു? **3**

40. സത്യസഭയുടെ പ്രധാന ലക്ഷണങ്ങൾ ഏവ? **4**

41. വി. മർക്കോസിന്റെ സുവിശേഷത്തിൽ നിന്നും നിങ്ങൾ സ്വന്തമാക്കിയ രണ്ടു വചനങ്ങൾ എഴുതുക. (അധ്യായവും വാക്യവും ഉൾപ്പെടെ) **4**